# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4106    24/10/2016 ൽ മറുപടിയ്ക്ക്**

### സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വിൻസെന്റ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. റോജി. എം. ജോൺ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വകുപ്പുകളിൽ നടത്തിയ സ്ഥലംമാറ്റം സംബന്ധിച്ച് വകുപ്പ് തിരിച്ച് വിശദാംശം നൽകാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | സ്ഥലംമാറ്റത്തിന് ഏതെല്ലാം വിഭാഗത്തിന് പ്രത്യേക പരിരക്ഷ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്പെട്ട ഉദ്യോഗസ്ഥർ,അംഗവൈകല്യം സംഭവിച്ചവർ,മിശ്രവിവാഹിതർ / നിയമ പരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള സർക്കാർ ജീവനക്കാർ,വിമുക്ത ഭടന്മാർ, സൈനികരുടെ ആശ്രിതർ,സ്വാതന്ത്ര്യ സമരസേനാനികളുടെ ഭാര്യ/ മകൻ/ മകൾ,ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ,അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന തല പ്രസിഡന്റ്/ജനറൽ സെക്രട്ടറി,മൂകരും ബധിരരുമായ കുട്ടികളുടെ രക്ഷിതാക്കൾ, വിധവകൾ/വിഭാര്യർ,മൂകരും ബധിര രുമായ ഉദ്യോഗസ്ഥർ,പ്രവാസി കേരളീയരുടെ ഭാര്യ/ഭർത്താവ്,അർദ്ധ സൈനിക വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന സൈനികരുടെ ആശ്രിതർ, അന്ധരായ ഉദ്യോഗസ്ഥർ,നാഷണൽ |

| | | | |
|---|---|---|---|
| | | | ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ഉദ്യോഗസ്ഥരുടെ ആശ്രിതരായ ഏറ്റവും അടുത്ത ഒരു കുടുംബാംഗം (ഭാര്യ/ മകൻ / മകൾ) എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷ നല്കുന്നുണ്ട്. |
| (ഡി) | മാനദണ്ഡത്തിന് വിരുദ്ധമായി ട്രാൻസ്ഫർ നടത്തിയെന്ന പരാതിയിൽ എന്തു നടപടി സ്വീകരിച്ചു; | (ഡി) | മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് സ്ഥലംമാറ്റം നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | ക്രമ വിരുദ്ധമായി സ്ഥലംമാറ്റിയതു മൂലം ജീവനക്കാർ ജീവനൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു മൂലം എത്ര ജീവനക്കാർ ജീവനൊടുക്കിയിട്ടുണ്ട്; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | സർക്കാർ അംഗീകരിച്ച മാനദണ്ഡത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ? | (എഫ്) | സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് സ്ഥലംമാറ്റം നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ